# പതിനാലാം കേരള നിയമസഭ
## അഞ്ചാംസമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1042 28.04.2017 -ലെ മറുപടി**

**ജലസേചനനയം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീ. ഇ.കെ. വിജയൻ<br>ശ്രീമതി. സി.കെ. ആശ<br>ശ്രീ. വി. ആർ. സുനിൽ കുമാർ | ശ്രീ. മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ)സർക്കാരിന്റെ ജലസേചന നയം വ്യക്തമാക്കുമോ ; | (എ) നിലവിലെ സാഹചര്യങ്ങളിൽ 2008-ൽ പ്രഖ്യാപിച്ച ജലനയത്തിൽ മാറ്റങ്ങൾ ആവശ്യമുണ്ടോ എന്ന് പരിശോധിച്ചു വരുന്നു. അംഗീകരിക്കപ്പെട്ട നയത്തിൽ താഴെ പറയുന്ന ലക്ഷ്യങ്ങൾ ഉൾപ്പെടുന്നു.<br>1) ജലവിഭവത്തിന്റെ ആസൂത്രിതമായ വിനിയോഗത്തിനും , വികസനത്തിനും പരിപാലനത്തിനുമായി സംയോജിതവും ബഹുമേഖല സ്പർശിച്ചുമായ സമീപനം കൈക്കൊള്ളുക.<br>2) ജലവിഭവത്തിന്റെ അനുവദനീയമായ ഉപഭോഗത്തിനും , സ്രോതസ്സുകളുടെ സുസ്ഥിരതയ്ക്കുമായി സൂക്ഷ്മ നീർത്തടങ്ങളെ അടിസ്ഥാന ഘടകങ്ങളായി പരിഗണിക്കുക.<br>3) നീർത്തടത്തെ ഒറ്റഘടകമായി പരിഗണിച്ച് വിവിധ ഉപയോഗങ്ങളെയും അവയുടെ പ്രശ്നങ്ങളെയും സാധ്യതകളെയും സംയോജിപ്പിക്കുക.<br>4) സമഗ്രമായ നീർത്തട സംരക്ഷണത്തിന്റെയും പരിപാലനത്തിന്റെയും പ്രാധാന്യത്തിന് ഊന്നൽ കൊടുക്കുകയും , ജലത്തിന്റെ ഗുണ നിലവാരം , ദീർഘകാല ജലവിനിയോഗ പദ്ധതികൾ, അവയുടെ നിരന്തരമായ ജാഗ്രതാ പൂർണ്ണമായ വിലയിരുത്തൽ എന്നിവയെല്ലാം അതിൽ സംയോജിപ്പിക്കുകയും ചെയ്യുക.<br>5) സുസ്ഥിതമായ ജലവിഭവ വികസനത്തിനും , സംരക്ഷയ്ക്കും , പരിപാലനത്തിനും സഹായകരമാകും വിധം നിലവിലുള്ള സ്ഥാപന ക്രമീകരണങ്ങളും നിയമങ്ങളും പരിഷ്കരിക്കുക. |

| | | |
|---|---|---|
| ബി)വൻകിട , ഇടത്തരം ജലസേചന പദ്ധതികൾക്കായി എത്ര കോടി രൂപയാണ് ബഡ്ജറ്റിൽ നീക്കി വച്ചിരിക്കുന്നതെന്നും ആയതിൽ ഡ്രിപ്പിന് (ഡാം റീഹാബിലിറ്റേഷൻ പദ്ധതി) എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) & (സി) | വൻകിട , ഇടത്തരം ജലസേചന പദ്ധതികൾക്കായി ബഡ്ജറ്റിൽ നീക്കി വച്ചിരിക്കുന്ന തുക -279.36 കോടി രൂപ. ഡാം റീഹാബിലിറ്റേഷൻ ഇംപ്രൂവ്മെൻറ് പദ്ധതിയ്ക്ക് (DRIP) 2017-18-ൽ 250 കോടി രൂപയാണ് നീക്കി വച്ചിരിക്കുന്നത്. വ്യത്യസ്ത പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. |
| സി)ജലസേചന പദ്ധതികൾ ജീവനക്കാർക്ക് വെറുതെ ഇരുന്ന് ശമ്പളം വാങ്ങുന്നതിനുള്ള ലാവണങ്ങളാണ് എന്നു പറയപ്പെടുന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ